**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3771** **11.12.2018-ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹനവകുപ്പ് അഴിമതിമുക്തമാക്കാനുള്ള നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹനവകുപ്പ് അഴിമതിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ ; | (എ) | മോട്ടോർ വാഹന വകുപ്പിൽ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും, വാഹന ഉടമകൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഓൺലൈൻ പേയ്മെന്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ഏതെങ്കിലും സാങ്കേതികമോ, അല്ലാത്തതോ ആയ കാരണത്താൽ ഓൺലൈൻ പേയ്മെന്റ് നടത്താൻ കഴിയാത്ത വാഹനഉടമകൾക്ക് ആയത് ഓഫീസിൽ നേരിട്ട് അടയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 01.06.2010 മുതൽ എല്ലാ ആർ.ടി ഓഫീസുകളിലും സബ് ആർ.ടി ഓഫീസുകളിലും ഫാസ്റ്റ്ട്രാക്ക് കൗണ്ടറിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. ഇ-പേയ്മെന്റ് ചെയ്ത് അപേക്ഷയുമായി അപേക്ഷകൻ നേരിട്ട് എത്തുകയാണെങ്കിൽ ഫാസ്റ്റ്ട്രാക്ക് കൗണ്ടറിൽ നിജപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾ ലഭ്യമാകുന്നതാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ 10.30 A.M മുതൽ 1.00 മണി വരെയും 2.15 മുതൽ 4.30 P.M വരെയും സബ് ആർ.ടി ഓഫീസുകളിൽ 2 P.M മുതൽ 4.30 P.M വരെയും ആണ് ഫാസ്റ്റ്ട്രാക്ക് കൗണ്ടർ പ്രവർത്തിക്കുന്നത്. കൂടാതെ, ബുധനാഴ്ച ദിവസങ്ങളിൽ ടാക്സേഷൻ ജോലികൾക്കും കൗണ്ടറുകളിൽ ടാക്സും മാത്രമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ 07.10.2017 മുതൽ ഇതിനു പുറമേ അപേക്ഷകൾ വാഹന ഉടമ നേരിട്ട് സമർപ്പിക്കുകയാണെങ്കിൽ യാതൊരു അപാകതയും ഇല്ലായെങ്കിൽ അപേക്ഷകൾ സ്വീകരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എന്തെല്ലാം ഊർജ്ജിത ഇ-ഗവേണൻസ് സംവിധാനങ്ങളാണ് വകുപ്പിൽ ഒരുക്കിയത്; വിവരിക്കുമോ ; | (ബി) | വകുപ്പിന്റെ പ്രധാന സേവനങ്ങൾ എല്ലാം തന്നെ ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ട്. സേവനങ്ങൾക്കായി അപേക്ഷിക്കുന്നതും ടാക്സ്, ഫീസ് തുടങ്ങിയവ അടയ്ക്കുന്നതും ഓൺലൈനിൽ സാദ്ധ്യമാണ്. ഓഫീസിലെ പണമിടപാടുകൾ കുറയ്ക്കുവാനും ഇടനിലക്കാരെ ഒഴിവാക്കുവാനും ഇതിനാൽ സാധിക്കുന്നു. ആയത് അഴിമതി തടയുവാൻ കാരണമാകുന്നുണ്ട്. |
| (സി) | ഈ സംവിധാനങ്ങൾ വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് എന്നറിയിക്കാമോ? | (സി) | അപേക്ഷകരുടെ ഫീസുകളെല്ലാം ഓൺലൈനായി അടയ്ക്കാവുന്നതാണ്. വാഹനങ്ങളുടെ നികുതി, ഹരിത നികുതി തുടങ്ങിയവയെല്ലാം ഓൺലൈനായി അടയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ